പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 131 11.02.2013- ലെ മറുപടി

## പ്രവാസി മലയാളികൾ അനുഭവിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ ) | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികൾ ഗൾഫ് നാട്ടുകളിൽ തൊഴിൽ രംഗത്ത് അനുഭവിക്കുന്ന പുതിയ പ്രശ്നങ്ങൾ കേന്ദ്ര പ്രവാസി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ; | (എ) ഗൾഫ് നാട്ടുകളിൽ , പ്രത്യേകിച്ച് സൗദി അറേബ്യയിൽ ജോലി ചെയ്തുവരുന്ന പ്രവാസി മലയാളി നഴ്സുമാരെ കരാർ കാലാവധി തീരുന്നതിന് മുമ്പ് തന്നെ പിരിച്ചു വിടുന്നതായും അതേ സമയം പുതുതായി കേരളത്തിൽ നിന്ന് നിയമിച്ചുവരുന്നതായും പരാതികൾ ലഭിച്ചിരുന്നു. ഇക്കാര്യം ഇതിനകം തന്നെ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമം പാലിക്കാത്ത ചില സ്പോൺസർമാർ , പ്രവാസി മലയാളി തൊഴിലാളികൾ ഒളിച്ചോടി പോയതായി(ഹുറൂബ്) വ്യാജ പരാതി നൽകി നിയമ പ്രശ്നങ്ങളിൽപ്പെടുത്താനും ജയിലിൽ അടയ്ക്കുകയും ചെയ്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള പരാതികൾ അടിയന്തിരമായി തന്നെ എംബസിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും നിഷ്പക്ഷ അന്വേഷണത്തിനും നടപടിയ്ക്കുമായി ബന്ധപ്പെട്ട വിദേശ സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) റസിഡന്റ് പെർമിറ്റ് , എക്സ്പാട്രിയേറ്റ് ഫീ, സ്വദേശീവത്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രവാസികൾക്ക് ഇപ്പോൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) വ്യാജ റിക്രൂട്ട്മെന്റുകാരുടെ ചതിയിൽ അകപ്പെട്ട് വിദേശത്ത് എത്തിയ ശേഷം വ്യക്തമായ സ്പോൺസർ ഇല്ലാത്തത് കൊണ്ടും സ്പോൺസറുടെ നിസ്സഹകരണം കാരണവും ഗൾഫ് നാട്ടുകളിൽ ജോലിക്ക് എത്തുന്ന പ്രവാസി മലയാളികൾക്ക് റസിഡന്റ്സ് പെർമിറ്റ് ലഭിക്കുന്നതിന് പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ നിയമം പാലിക്കാത്ത ചില സ്പോൺസർമാരുടെ പ്രവർത്തികൾ കാരണം റസിഡന്റ്സ് പെർമിറ്റ് റദ്ദായി |

പോകുന്നതായും ഇക്കാരണത്താൽ പ്രവാസി മലയാളികൾ പ്രശ്നങ്ങൾ നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സ്പാട്രിയറ്റ് ഫീ ഇനത്തിൽ പ്രശ്നങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗൾഫിലെ ചില രാജ്യങ്ങളിൽ തദ്ദേശികൾക്ക് ജോലിയിൽ നിശ്ചിത സംവരണം നൽകാനായി തൊഴിൽ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ കാരണം കേരളത്തിൽ നിന്നു നടക്കുന്ന റിക്രൂട്ട്മെന്റിൽ നേരിയ കുറവ് കണ്ടുവരുന്നതു പ്രമുഖമായും ക്ലറിക്കൽ തസ്തികയിലേക്കാണ്.

(സി) സംസ്ഥാനത്തു നടന്ന പ്രവാസി ഭാരതീയ ദിവസ് - ൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ എന്ത് പരിഹാര നിർദ്ദേശങ്ങളാണിവിടെ ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ ?

(സി) സംസ്ഥാനത്തു നടന്ന പ്രവാസി ഭാരതീയ ദിവസിനോട് അനുബന്ധിച്ച് 07/01/2013 ലെ ഗൾഫ് സെഷനിലും കൂടാതെ ഗൾഫ് കോപ്പറേഷൻ കൗൺസിൽ രാജ്യങ്ങളിൽ നിന്നുള്ള അംബാസിഡർമാരുമായുള്ള ചർച്ചാ വേളയിലും പ്രവാസി മലയാളികൾ അനുഭവിക്കുന്ന മുഖ്യപ്രശ്നങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടക്കുകയുണ്ടായി. വിദേശരാജ്യങ്ങളിലെ ബന്ധപ്പെട്ട സർക്കാർ അധികാരികളുമായി ഈ വിഷയങ്ങൾ അതീവ പ്രാധാന്യത്തോടുകൂടി സമർപ്പിച്ച് പരിഹാര നടപടികൾ നടപ്പിൽ വരുത്തും എന്നായിരുന്നു ചർച്ചയിലെ അഭിപ്രായ സമന്വയം.

സെക്ഷൻ ഓഫീസർ